(ബി) ഫെസ്റ്റിവലിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്

I.

വർഷം	വരവ്	ചെലവ്
2011-12	3861	4202
2012-13	4167.22	4588.51
2013-14	2449.05	2581.26
2014-15	1816.79	2252.86

II. ഓരോ വർഷവും പ്രതീക്ഷിച്ച വരവ് ലഭിക്കാതിരുന്ന ഇനത്തിന്റേയും ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ചെലവ് നേരിട്ട ഇനത്തിന്റേയും വ്യത്യാസം അനുബന്ധം 1-ൽ കാണിച്ചിരിക്കുന്നു*. (നെഗറ്റീവ് തുക പ്രതീക്ഷിച്ചതിനേക്കൾ കുറവിനേയും പോസിറ്റീവ് തുക കൂടുതലിനേയും കാണിക്കുന്നു).

(സി) ഉത്തരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

(ഡി)

വർഷം	പ്രതീക്ഷിച്ച തുക	ലഭ്യമായ തുക
2014-15	650.00 കോടി	111.00 കോടി
2013.14	600.00 കോടി	331.00 കോടി
2012-13	2250.00 കോടി	691.50 കോടി
2011-12	500.00 കോടി	460.00 കോടി

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

367 (1057) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകവഴി ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായായിരുന്നു ; നിക്ഷേപ-പ്രയോജനം വിശദമാക്കാമോ ;

(സി) ലക്ഷ്യം കൈവരിക്കുന്നതിനായി, ജി.കെ.എസ്.എഫിന്റെ പ്രവർത്തനത്തിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിനെ അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.

നിക്ഷേപ-പ്രയോജനം:-

കേരളത്തിന്റെ വ്യാപാര മേഖലയിൽ ഒരു രണ്ടാം വ്യാപാരക്കാലം സൃഷ്ടിക്കുന്നതിന് ജി.കെ.എസ്.എഫ്.-ന് കഴിഞ്ഞിട്ടുണ്ട്. അതേപോലെ കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ചും കരകൗശല മേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(സി) കേരളത്തിന് പുറത്തും വിദേശത്തും കൂടുതൽ പ്രചരണം നൽകി സംസ്ഥാനത്തിന് പുറത്തുനിന്നും ഉപഭോക്താക്കളെ ആകർഷിക്കേണ്ടതുണ്ട്. കൂടാതെ വിനോദസഞ്ചാരികൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള കേരള ഉൽപ്പന്നങ്ങൾ ലഭ്യമാക്കണം. വ്യാപാരസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും അന്തർദ്ദേശീയ ബ്രാൻഡുകളുടെ പിൻതുണയും ഉണ്ടാക്കണം. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വിവിധ മേഖലകളുടെ ഏകോപനവും ആവശ്യമാണ്. അതനുസരിച്ച് ജി.കെ. എസ്.എഫ്.-ന്റെ പ്രവർത്തനം ശക്തിപ്പെടും.

ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ

368 (1058) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) യുടെ കൈവശം എത്ര റിസോർട്ട് സൈറ്റുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly